2015-16-ൽ അനുവദിച്ചിട്ടുണ്ട്. കരുവാന്നൂർ പുഴയിൽ മുനയം റഗുലേറ്റർ എന്ന പ്രവൃത്തിക്ക് 2-11-2009-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. റിവൈസ്ഡ് ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-2 എടുത്തുവരുന്നു. മുകളിൽ പറഞ്ഞ തൃശ്ശൂർ ജില്ലയിലെ പ്രവൃത്തികൾക്കായി 46 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ പുതിയ നിരക്ക് പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട് (AVIP)-ന് 22-8-2012 പ്രകാരം തത്വത്തിൽ അംഗീകാരം (in principle approval) നൽകിയിട്ടുണ്ട്. AVIP-യുടെ കേന്ദ്ര പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കളങ്ങളുടെ നവീകരണ പദ്ധതി

199(2668) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിന് ഒരു കളം പദ്ധതി പ്രകാരം എത്ര കളങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് വകുപ്പ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇതിനായി എത്ര തുകയാണ് ചെലവിട്ടതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിന് ഒരു കളം പദ്ധതി പ്രകാരം 354 കളങ്ങളുടെ പ്രവൃത്തികളാണ് ഏറ്റെടുത്തത്.

(ബി) ഇതിൽ 194 കളങ്ങളുടെ പ്രവൃത്തി പൂർത്തിയായി. RRR/ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതി എന്നിവയ്ക്കായി 31-10-2015 വരെ 22,14,43,786 രൂപ '4702-00-101-87-01 Renovation of Ponds' എന്ന ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം

200(2669) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഏതൊക്കെ മേജർ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly